## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3411

08.11.2019 ൽ മറുപടിക്ക്.

# കേരള ചിക്കൻ പദ്ധതി

| ചോദ്യം<br>ശ്രീ. റോജി എം. ജോൺ | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരള ചിക്കൻ പദ്ധതിക്ക് വേണ്ടി കമ്പനി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് പ്രസ്തുത കമ്പനിയുടെ ഡയറക്ടർമാർ എന്ന് വെളിപ്പെടുത്താമോ; | (എ) കേരള ചിക്കൻ പദ്ധതിക്ക് വേണ്ടി കുടുംബശ്രീ ബ്രോയലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, പ്രോഗ്രാം ഓഫീസർ (അനിമൽ ഹസ്ബൻഡറി), കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്ന് നാമനിർദ്ദേശം ചെയ്യപ്പെട്ട മാർക്കറ്റിംഗിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ, തിരഞ്ഞെടുക്കപ്പെട്ട 3 സി.ഡി.എസ് ചെയർപേഴ്സൺമാർ എന്നിവരാണ് നിലവിൽ ഡയറക്ടർ ബോർഡ് അംഗങ്ങൾ ആയിട്ടുള്ളത്. |
| (ബി) ഡയറക്ടർമാരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (ബി) കമ്പനി ആക്ട് പ്രകാരം എക്സ്-ഒഫിഷ്യോ ഡയറക്ടർമാരായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ (സിഎംഡി), പ്രോഗ്രാം ഓഫീസർ (അനിമൽ ഹസ്ബെൻഡറി), കുടുംബശ്രീ സംസ്ഥാന മിഷനിലെ മാർക്കറ്റിംഗ് ചുമതലയുള്ള ഉദ്യോഗസ്ഥൻ എന്നിവരെ ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് ജില്ലകൾ കേന്ദ്രീകരിച്ച് സംസ്ഥാനത്തെ 3 റീജിയനുകളായി വിഭജിച്ചാണ് കേരള ചിക്കൻ പദ്ധതി നടപ്പിലാക്കുന്നത്. ആയതിനാൽ പ്രസ്തുത ജില്ലകളിൽ നിന്നുമുള്ള സിഡിഎസ് ചെയർപേഴ്സൺമാരെയാണ് കമ്പനി ഡയറക്ടർ ബോർഡ് അംഗങ്ങളാക്കിയിരിക്കുന്നത്. അംഗങ്ങളുടെ ഇടയിൽ നടത്തിയ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ ഓരോ റീജിയണിൽ നിന്നും ആകെ 3 പേരെ ഇപ്രകാരം കമ്പനി ഡയറക്ടർ ബോർഡ് അംഗങ്ങൾ ആക്കിയിട്ടുണ്ട്. |
| (സി) ബഡ്ജറ്റിൽ ഈ പദ്ധതിക്കായി എന്ത് തുകയാണ് വകയിരുത്തിയത്; അതിലെന്ത് തുക ഇതിനകം ചെലവഴിച്ചുവെന്ന് അറിയിക്കാമോ? | (സി) ബഡ്ജറ്റിൽ കേരള ചിക്കൻ പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ല. എൻ.ആർ.എൽ.എം-ൽ നിന്നും പദ്ധതിയിൽ അംഗങ്ങളായ സിഡിഎസ് ചെയർപേഴ്സൺമാർ അതത് സിഡിഎസ്-ന് വേണ്ടി ഈ ആവശ്യത്തിന് എടുത്ത ലോൺ (സിഇഎഫ്) തുക കമ്പനിയിൽ നിക്ഷേപിച്ചാണ് പദ്ധതി നടത്തുന്നത്. ഇത്തരത്തിൽ 6 കോടി രൂപ കമ്പനിയിൽ നിക്ഷേപിച്ചിട്ടുണ്ട്. അതിൽ 5.98 കോടി രൂപ ചെലവായി. |

സെക്ഷൻ ഓഫീസർ